**15 -ാം കേരള നിയമസഭ**

**5 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 42** | **28-06-2022 - ൽ മറുപടിയ്ക്ക്**

**വ്യവസായ സൗഹൃദാന്തരീക്ഷം മെച്ചപ്പെടുത്താൻ നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കുറുക്കോളി മൊയ്തീൻ,<br>ശ്രീ.പി. കെ. ബഷീർ ,<br>ശ്രീ . മഞ്ഞളാംകുഴി അലി ,<br>ശ്രീ. അബ്ദുൽ ഹമീദ് പി | | ശ്രീ. പി. രാജീവ്<br>(നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് വ്യവസായ സൗഹൃദാന്തരീക്ഷം മെച്ചപ്പെടുത്തുന്നതിനായി നിലവിലുള്ള നിയമങ്ങളും ചട്ടങ്ങളും പരിഷ്ക്കരിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; | (എ) | ഉണ്ട്. |
| (ബി) | എങ്കിൽ എന്തെല്ലാം മാറ്റങ്ങൾ വരുത്തുവാനാണ് ഉദ്ദേശിക്കുന്നതെന്നും ഇത് സംബന്ധിച്ച് എന്തെങ്കിലും പഠനങ്ങൾ നടത്തിയിട്ടുണ്ടോയെന്നും വിശദമാക്കുമോ? | (ബി) | സംസ്ഥാനം വ്യവസായ സൗഹൃദം ആക്കുവാനായി 7 നിയമങ്ങളിലും 10 ചട്ടങ്ങളിലും ഭേദഗതി വരുത്തി കേരള ഇൻവെസ്റ്റ്മെന്റ് പ്രൊമോഷൻ ആന്റ് ഫെസിലിറ്റേഷൻ ആക്ട് നിലവിൽ വന്നിട്ടുണ്ട്. വിവിധ വകുപ്പുകളിൽ നിന്നുള്ള ലൈസൻസുകളും അനുമതികളും ലഭ്യമാക്കുന്നത് സുഗമമാക്കാൻ ഓൺലൈൻ ഏകജാലക പോർട്ടൽ ആയി കെസ്വിഫ്റ്റ് പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്. കൂടാതെ പുതുതായി ആരംഭിക്കുന്ന (സൂക്ഷ്മ ചെറുകിട ഇടത്തരം സംരംഭങ്ങളിൽ) മലിനീകരണ നിയന്ത്രണ ബോർഡിന്റെ ചുവപ്പ് വിഭാഗത്തിൽ പെടാത്തവയ്ക്ക് സംസ്ഥാന നിയമപ്രകാരം ഉള്ള ലൈസൻസുകൾ സ്വയം സാക്ഷ്യപ്പെടുത്തൽ വഴി മൂന്ന് വർഷത്തേയ്ക്ക് ഒഴിവാക്കി നൽകുന്ന സൂക്ഷ്മ ചെറുകിട ഇടത്തരം വ്യവസായ സ്ഥാപനങ്ങൾ സുഗമമാക്കൽ ആക്ട് നിലവിൽ വന്നിട്ടുണ്ട്. കേരള ഖാദി ഗ്രാമ വ്യവസായ ബോർഡ് പിഎംഇജിപി മാർഗ്ഗരേഖയും നെഗറ്റീവ് ലിസ്റ്റും 01/06/2022 മുതൽ മാറ്റം വരുത്തിയിട്ടുണ്ട്. അപ്രകാരം എസ്ഇജിപി പദ്ധതിയിലും മാറ്റം വരുത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. വ്യവസായ വകുപ്പിന്റെ കീഴിലുള്ള ഏജൻസികളുടെ വ്യവസായ എസ്റ്റേറ്റുകളുടെയും, പാർക്കുകളുടെയും ലാന്റ് ഡിസ്പോസൽ റഗുലേഷൻ ഏകീകൃതമാക്കുന്നതിന്റെ ഭാഗമായി ഏകീകൃത ലാന്റ് അലോട്ട്മെന്റ് പോളിസി രൂപീകരിക്കുന്നതിനുള്ള അടിയന്തിര നടപടി വ്യവസായ വകുപ്പിൽ സ്വീകരിച്ചു വരുന്നു. 1999 ലെ കേരള വ്യവസായ ഏകജാലക ബോർഡുകളും വ്യവസായ നഗരപ്രദേശ വികസനവും |

| | | | |
|---|---|---|---|
| | | | നിയമത്തിൽ ആവശ്യാനുസൃതമായ ഭേദഗതികൾ വരുത്തികൊണ്ടാണ് ജില്ലാതലങ്ങളിലും സംസ്ഥാനതലത്തിലും പരാതി പരിഹാര കമ്മിറ്റികൾ രൂപീകരിച്ചത്.<br><br>സംസ്ഥാനത്ത് വ്യവസായ നടത്തിപ്പുമായി ബന്ധപ്പെട്ട നിയമങ്ങളിലോ ചട്ടങ്ങളിലോ കാലഹരണപ്പെട്ടതും യുക്തിരഹിതവുമായ വ്യവസ്ഥകൾ നിലനിൽക്കുന്നുണ്ടെങ്കിൽ ആയത് പരിശോധിച്ച് റിപ്പോർട്ട് സമർപ്പിക്കുവാൻ 26/07/2021-ലെ സ.ഉ. (സാധാ) നമ്പർ 770/2021/ വ്യവ ഉത്തരവ് പ്രകാരം ഡോ.കെ.സി.സണ്ണി ചെയർമാനായി 3 അംഗ കമ്മിറ്റി രൂപീകരിച്ചിട്ടുണ്ട്. പ്രസ്തുത കമ്മിറ്റിയുടെ ഇത് സംബന്ധിച്ച റിപ്പോർട്ട് സർക്കാരിൽ ലഭിച്ചിട്ടുണ്ട്. റിപ്പോർട്ട് സർക്കാർ പരിശോധിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ